ശ്രീ. കെ. ടി. ജേക്കബ്: ഒരാളല്ല കൊടുക്കുന്നത് ബൂത്തുകമ്മ ഇതിനു വേണ്ടി തയ്യാറാക്കിയിരിക്കുകയാണ്. വളരെ നല്ല ഏർപ്പാടുകളാണ് ചെയ്തിട്ടുള്ളത്. ഇലക്ട്രിസിറ്റിയുടെ വേഗത്തിലാണ് നടത്തുന്നത്.—എല്ലാം ഒരാളല്ല ചെയ്യുന്നത്. പലരുമായിട്ടാണ് ചെയ്യുക. അതൊന്നും കണ്ടിട്ടില്ലെങ്കിൽ ഒന്നു വന്നു കാണേണ്ടതാണ്.

ശ്രീ. എം. സദാശിവൻ: ആ യന്ത്രം എന്താണെന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: അതിനുത്തരം പറയേണ്ട. അടുത്ത ചോദ്യത്തിലേക്കു കടക്കാം. 532 നേരത്തെ ഉത്തരം പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ടു 533-നുള്ള ഉത്തരം പറയാം.

ശ്രീ. കെ. കരുണാകരൻ: സർ, 532-ൽ 'സി'യ്ക്കും 'ഡി' യ്ക്കും ഉത്തരം പറഞ്ഞിട്ടില്ല. അതിനുള്ള ഉത്തരം കൂടി പറഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: എന്നാൽ 'സി'യ്ക്കും 'ഡിയ്ക്കും' ഉത്തരം പറയണം.

എൻ.ജി. ഒ. പണിമുടക്ക്

* 151 [532] ശ്രീ. പി. എസ്. നമ്പൂതിരി:
,, ടി. എ. മജീദ്:
,, പി. സ്. ശ്രീനിവാസൻ:
,, കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്:
,, ഇ. അഹമ്മദ്:
,, ജി. ഗോപിനാഥൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഫെബ്രുവരിമാസം 13-ാം തീയതി എൻ. ജി. ഒ. യൂണിയൻ ജനറൽ സെക്രട്ടറിയുടെ പണിമുടക്കാഹ്വാനത്തെ തുടർന്നു എത്ര എൻ. ജി. ഒ. മാർ ഓരോ ജില്ലയിലും പണിമുടക്കി;

(ബി) പണിമുടക്കിനു പ്രത്യേക കാരണം വല്ലതും ഉണ്ടായിരുന്നോ;

(സി) പണിമുടക്കിനാഹ്വാനം ചെയ്ത സെക്രട്ടറിയുൾപ്പെടെ പണിമുടക്കിയവരുടെ പേരിൽ കർശന നടപടി എടുക്കുമോ;

(ഡി) സംസ്ഥാനത്തുള്ള ആകെ എൻ. ജി. ഒ. മാർ എത്ര?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(സി) തക്കതായ ശിക്ഷണനടപടികളും എടുക്കാൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റു അധികാരികൾക്കു ഗവൺമെന്റു നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നിലവിലുള്ള ചട്ടങ്ങളനുസരിച്ചു ഉദ്യോഗസ്ഥൻമാരെ ഗസറ്റഡായും നോൺഗസറ്റഡായും തരം തിരിക്കുന്ന രീതി ആരംഭിച്ചിട്ടുണ്ട്. 1970-71-ലെ ബഡ്ജറ്റു പ്രകാരം പഴയ നോൺ ഗസറ്റഡ് തസ്തികയിൽ 1,78,448 പേർ ജോലിനോക്കുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

ശ്രീ. ടി. എ. മജീദ്: 1968 ജൂലൈ 24-ാം തീയതി എൻ. ജി. ഒ. മാർ കൂട്ടകാഷ്വൽ ലീവെടുത്തു പണിമുടക്കു നടത്തിയപ്പോൾ സർവ്വീസിനു ബ്രേക്കു വരുത്തുക തുടങ്ങിയ നടപടികളും എടുക്കുമെന്നു ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടു മുഖ്യമന്ത്രിയായിരുന്നപ്പോൾ പുറപ്പെടുവിച്ച ഉത്തരവു ഇപ്പോഴും നിലവിലുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ : അതിനെസംബന്ധിച്ച് എനിക്കു നിശ്ചയംപോരാത്തതുകൊണ്ടു നോട്ടീസു വേണം.

ശ്രീമതി. കെ. ആർ. ഗൗരി: ഐക്യമുന്നണി ഗവൺമെൻറു നിലവിലിരുന്നപ്പോഴും ഇൻജിനീയറൻമാർ ഉൾപ്പടെ താഴോട്ടുള്ള വില്ലേജ് സ്റ്റാഫ് വരെയുള്ളവർ പണിമുടക്കു നടത്തിയപ്പോഴും സ്വീകരിച്ചിട്ടുള്ള എല്ലാ ശിക്ഷണ നടപടികളും, പണിമുടക്കു പിൻവലിച്ചപ്പോഴും റദ്ദു ചെയ്തിട്ടുള്ളതായി അറിയാമോ?

ശ്രീ. സി. അച്യുതമേനോൻ: സെക്രട്ടറിയേറ്റിൽ പണിമുടക്കിയ ജീവനക്കാരുടെ പേരിൽ കർശനമായിട്ടുള്ള നടപടികളും എടുത്തിട്ടുള്ളതായി കാണുന്നു. ബ്രേക്ക് ഒഫ് സർവ്വീസു തുടങ്ങിയ നടപടികളും വരെ എടുത്തിട്ടുണ്ട്. ഇൻജിനീയറൻമാർ പണിമുടക്കു നടത്തിയപ്പോഴും അവരെ പിടിച്ചു ജയിലിൽ വയ്ക്കുന്ന നടപടിവരെ സ്വീകരിച്ചിട്ടുണ്ട്. പണിമുടക്കു പിൻവലിച്ചപ്പോഴും കേസുകളും പിൻവലിച്ചിട്ടുണ്ടായിരിക്കും. ഏതെല്ലാം പിൻവലിച്ചു ഏതെല്ലാം നിലവിലുണ്ട് എന്നുള്ളതിനെസംബന്ധിച്ചു ഫയൽ നോക്കിയാലേ അറിയാൻ പാടുള്ളൂ. അതുപോലെ ഇപ്പോഴത്തെ പണിമുടക്കിൽ ഉൾപ്പെട്ടവരുടെ പേരിലും സാധാരണരീതിയിലുള്ള നടപടിക്രമങ്ങൾ നടത്തുന്നതായിരിക്കും.

ശ്രീമതി. കെ. ആർ. ഗൗരി: ഐക്യമുന്നണി ഗവൺമെൻറിൻെറ കാലത്തു എൻ. ജി. ഒ. മാർ, ഇൻജിനീയർമാർ മുതലായി പണിമുടക്കു നടത്തിയവരുടെ പേരിൽ എടുത്തിട്ടുള്ള ശിക്ഷണനടപടികളും പണിമുടക്കു പിൻവലിച്ചതിനുശേഷം ക്യാൻസൽ ചെയ്തിട്ടില്ലേ?

ശ്രീ. സി. അച്യുതമേനോൻ: അതിനുള്ള ഉത്തരം ഞാൻ പറഞ്ഞു കഴിഞ്ഞു.

ശ്രീ. പി. എസ്. നമ്പൂതിരി: എൻ. ജി. ഒ. മാർ ഇപ്പോഴും നടത്തിയ സമരം മറെറാരു സമരത്തോടുള്ള അനുഭാവപ്രകടനമായിരുന്നുവെന്നും അല്ലാതെ എൻ. ജി. ഒ. മാരുടെ സ്വന്തം ആവശ്യങ്ങൾ നേടിയെടുക്കാൻ വേണ്ടിയായിരുന്നില്ലെന്നും അറിയാമോ? മാത്രമല്ല ആ സമരത്തിൽ പങ്കെടുക്കാത്തവരെ ഭീഷണിപ്പെടുത്തുകയും കയ്യേറ്റങ്ങൾ നടത്തുകയും ചെയ്തിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ? ഇത്തരം ഗൗരവമായ കാര്യങ്ങൾ ചെയ്തിട്ടുള്ളവരുടെ മേൽ കർശനമായ നടപടികളെടുക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: ഈ ഗവൺമെൻറു ഫെബ്രുവരി 13-ാം തീയതി നടന്ന സംഭവത്തെസംബന്ധിച്ചു പ്രത്യേക രീതിയിൽ ആണു കാണുന്നത്. ഫെബ്രുവരി 13-ാംതീയതി എൻ. ജി. ഒ. മാർ നടത്തിയ സമരം അവരുടെ സ്വന്തം ആവശ്യങ്ങൾക്കുവേണ്ടിയായിരുന്നില്ല. ഇവിടെ സത്യാഗ്രഹം നടത്തിയിരുന്ന എം. എൽ. എ. മാരുടെ സത്യാഗ്രഹത്തോടനുഭാവം പ്രകടിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു. ഇത്തരം സമരസംരംഭങ്ങൾ പ്രകടിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു. ഇത്തരം സമരസംരംഭങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നതു ശരിയല്ല. കാരണം പാർലമെൻററി ജനാധിപത്യസംപ്രദായം അനുസരിച്ചു ഇന്നു ഒരു പാർട്ടിയാണ് ഭരിക്കുന്നതെങ്കിൽ നാളെ മറെറാരു പാർട്ടിയായിരിക്കും അധികാരത്തിൽ വരുന്നത്. അങ്ങിനെ മാറിമാറി പല പാർട്ടികളും അധികാരത്തിൽ വരികയെന്നുള്ളതു സ്വാഭാവികമാണ്. അങ്ങനെയുള്ള ഒരു അന്തരീക്ഷത്തിൽ ഗവൺമെൻറു ഉദ്യോഗസ്ഥൻമാർ എതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുടെ പക്ഷം പിടിച്ചുകൊണ്ടു സമരം നടത്തുന്നതു നിരുൽസാഹപ്പെടുത്തണമെന്നാണ് ഈ ഗവൺമെൻറു വിചാരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: 13–ാം തീയതി എൻ. ജി. ഒ. മാർ സൂചന പണിമുടക്കു നടത്തുന്നതിനുമുമ്പായി ട്രാൻസ്പോർട്ടു സമരത്തിൽ സ്വീകരിക്കേണ്ട നിലപാടിനെസംബന്ധിച്ചു പ്രസ്താവന പുറപ്പെടുവിച്ചിട്ടുള്ള സെക്രട്ടറിയുടെ പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: സെക്രട്ടറിയുടെ പേരിൽ ഇതുവരെയാതൊരു നടപടികളും നടത്താൻ ഗവൺമെൻറു ഉദ്ദേശിച്ചിട്ടില്ല. ആ പ്രശ്നത്തെ സംബന്ധിച്ചു പരിശോധിക്കാം.

ശ്രീ. എം. രാമുണ്ണി: ട്രാൻസ്പോർട്ടു സമരം ഒരു തൊഴിൽ സമരമായി ഗവൺമെൻറു അംഗീകരിച്ചിരിക്കേ, പിരിച്ചുവിട്ട തൊഴിലാളികളോടു അനുഭാവം പ്രകടിപ്പിക്കുകയെന്നുള്ളതു തൊഴിലാളിവർഗ്ഗത്തിൻെറ അനിഷേധ്യമായ അവകാശമാണ്. ആ നിലയ്ക്കു ട്രാൻസ്പോർട്ടിൽനിന്നും പിരിച്ചുവിട്ടതൊഴിലാളികളുടെ സമരത്തോടു എൻ. ജി. ഒ. മാർ സമരം നടത്തിയതിനു അവരുടെ മേൽ നടപടികളെടുക്കുന്നതു അവരുടെ അവകാശത്തിൻമേൽ ഗവൺമെൻറു നടത്തുന്ന കൈകടത്തൽ അല്ലേ?

ശ്രീ. സി. അച്യുതമേനോൻ: രാഷ്ട്രീയ പ്രതിസന്ധികളിലേക്കു പോകുന്നില്ല. ഗവൺമെൻറിൻെറ നയം എന്താണെന്നു് വ്യക്തമായി പറഞ്ഞുകഴിഞ്ഞു. പാർലമെൻററി ജനാധിപത്യ സംപ്രദായമനുസരിച്ചാണ് ഇവിടെ ഭരണം നടത്തുന്നത്. അപ്പോൾ പാർട്ടികൾ മാറിമാറി അധികാരത്തിൽ വരും. എൻ. ജി. ഒ. മാർ അതാതുകാലം ഭരണത്തിലിരിക്കുന്ന ഗവൺമെൻറുകളെ അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ രാഷ്ട്രീയപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്നതു ശരിയല്ല. അങ്ങനെ ചെയ്താൽ അങ്ങേയററത്തെ കുഴപ്പം രാജ്യത്തുണ്ടാകും. അതു സർവ്വസാധാരണകത്തു അനുവദിക്കാൻ പാടില്ല.

ശ്രീ. കെ. സി. വാമദേവൻ: ഫെബ്രുവരി 13–ാം തീയതി എൻ. ജി. ഒ. മാരുടെ പണിമുടക്കിൽ പങ്കെടുത്തവരുടെ പേരിൽ നടപടികളെടുക്കാൻ പോകുന്നുവെന്നുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനയുടെ തണലിൽനിന്നുകൊണ്ടു ചില വ്യവസായ ശാലകളിലെ ഉടമകളും അവിടെയുള്ള ട്രെയിഡു യൂണിയൻ അടിസ്ഥാനത്തിൽ സംഘടിച്ചിട്ടുള്ള തൊഴിലാളികളും സമരം നടത്തുന്നതിനെതിരായി നടപടികളും നടത്തുന്നകാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിലാവശ്യമായ നടപടികളെടുക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെയുണ്ടെങ്കിൽ തീർച്ചയായും നിർദ്ദേശം കൊടുക്കാം. മുൻകൂട്ടി പാടില്ലെന്നു നിർദ്ദേശം കൊടുക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എൻ. ജി. ഒ. യൂണിയൻ കൂട്ടുകാഷ്വൽ ലീവെടുത്തതിനെപ്പററി ഗവൺമെൻറിലേക്കു എഴുതിയിട്ടുള്ള കത്തിൽ എൻ. ജി. ഒ. മാരുടെ ആവശ്യങ്ങളെ സംബന്ധിച്ചല്ലേ പ്രതിപാദിച്ചിരിക്കുന്നത്. എം. എൽ. എ. മാർ ട്രാൻസ്പോർട്ടു സമരത്തോടുഅനുബന്ധിച്ചു നടത്തിയ നിരാഹാര സത്യാഗ്രഹത്തെസംബന്ധിച്ചു എന്തെങ്കിലും എഴുതിയിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അവരുടെ കത്തിൽ മറെറാ പലതുമാണ് പറഞ്ഞിരുന്നത്. പറഞ്ഞിരിക്കുന്നതു വിശ്വസിക്കാൻപോലും പ്രയാസമാണ്. സാഹചര്യം കണക്കിലെടുത്തു അവർ എന്താണ് ചെയ്തിട്ടുള്ളതെന്നു ആലോചിക്കാവുന്നതാണ്. എൻ. ജി. ഒ. മാർ എട്ടാം തീയതിയോ പത്താംതീയതിയോ ആണ് കൂട്ടുകാഷ്വൽലീവെടുക്കാൻ ആദ്യം തീരുമാനിച്ചത്. മാർക്സിസ്ററുകമ്മ്യൂണിസ്ററു പാർട്ടി ഫെബ്രുവരി 13–ാം തീയതി

പൊതു പണിമുടക്കിനു ആഹ്വാനം ചെയ്തിരുന്നതുകൊണ്ട് ആ പണിമുടക്കിനു കൊഴുപ്പുകൂട്ടാൻവേണ്ടി മന:പൂർവ്വം എൻ. ജി. ഒ. മാരുടെ കൂട്ട കാഷ്വൽലീവു 13–ാം തീയതി നീട്ടിവെച്ചതാണെന്നു ഒരു കൊച്ചുകുട്ടിക്കു പോലും അറിയാവുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 13–ാം തീയതി മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുകാർ പൊതുപണിമുടക്കിനു ആഹ്വാനം ചെയ്യുന്നതിനു മുമ്പാണ് എൻ. ജി. ഒ. മാർ കൂട്ടകാഷ്വൽ ലീവെടുക്കാൻ പോകുന്നുവെന്നുള്ള വാർത്ത പത്രത്തിൽ വന്നിട്ടുള്ളത് എന്നറിയാമോ?

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യോത്തര സമയം അവസാനിച്ചു.

WRITTEN ANSWER

ഇലക്ട്രിസിറ്റി ബോർഡിലെ സി. എൽ. ആർ., എൻ. എം. ആർ തൊഴിലാളികളുടെ നിയമനം

* 152 (534) ശ്രീ. വി. കൃഷ്ണദാസ്:
,, വി. ശ്രീധരൻ:
,, എ. എസ്. എൻ. നമ്പീശൻ:
,, ഇ. വി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റിബോർഡിൽ സി. എൽ. ആർ., എൻ. എം. ആർ. തൊഴിലാളികളുടെ നിയമനങ്ങളിൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടി ഇടപെടുന്നതും സ്വാധീനം ചെലുത്തുന്നതുമായി വല്ല പരാതികളും ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഇലക്ട്രിസിറ്റി ബോർഡു കഴിഞ്ഞ 30 മാസത്തിനിടയ്ക്ക് എത്ര സി. എൽ. ആർ., എൻ. എം. ആർ. തൊഴിലാളികളെ നിയമിച്ചു;

(സി) ജില്ലാതിരിച്ചുള്ള കണക്ക് എന്താണ്?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ:)

(എ) ഇല്ല.

(ബി) കഴിഞ്ഞ 30 മാസത്തിനിടയ്ക്ക് ഗ്രാമവൈദ്യുതീകരണ തീവ്രപരിപാടികൾക്കായി 3024 എൻ. എം. ആർ. തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്.

(സി) നിയമനങ്ങളുടെ ജില്ലാതിരച്ചുള്ള കണക്ക് താഴെ കാണും പ്രകാരമാണ്.

1.	തിരുവനന്തപുരം	652
2.	കൊല്ലം	491
3.	ആലപ്പുഴ	423
4.	കോട്ടയം	220
5.	എറണാകുളം	263
6.	തൃശ്ശൂർ	204
7.	പാലക്കാട്	255
8.	മലപ്പുറം	50
9.	കോഴിക്കോട്	229
10.	കണ്ണൂർ	237
	ആകെ.	3024

LIBRARY ARCHIVES Kerala Legislative Assembly